പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

## പതിമൂന്നാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1991 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 6 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

## ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. എൻ. അനിരുദ്ധൻ.

**അംഗങ്ങൾ :**

ശ്രീ. കെ. കെ. ദിവാകരൻ
" എം. എം. മോനായി
" സി. പി. മുഹമ്മദ്
" എം. മുരളി
" പി. റ്റി. എ. റഹീം
" വി. ശിവൻകുട്ടി
" വി. ജെ. തങ്കപ്പൻ
" തോമസ് ചാഴികാടൻ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി മറിയാമ്മ വർഗ്ഗീസ്, സ്പെഷ്യൽ സെക്രട്ടറി
" പി. ജെ ഫിലോമിന, ഡെപ്യൂട്ടി സെക്രട്ടറി
" കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയമാനുസരണം സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2006 ഡിസംബർ മാസം 22-ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

തിരുവനന്തപുരം,
2007 മാർച്ച് 21.

# റിപ്പോർട്ട്

## തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പൂർത്തിയാക്കാത്ത മരാമത്ത് വേലകൾ**

"താഴെപ്പറയുന്ന മരാമത്ത് വേലകളുടെ ഗുണഭോക്തൃ സമിതി കൺവീനർമാർ പണം കൈപ്പറ്റുകയും പണി പൂർത്തിയാക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരം തുക തിരികെ വസൂലാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

മേത്തല പാലിയംതുരുത്ത് എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണം അഡ്വാൻസ് തുക തിരികെ പിടിക്കുന്നത് സംബന്ധിച്ച് (മേത്തല ഗ്രാമപഞ്ചായത്ത്)"

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V. 8(9)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 21-11-2005-ലെ 25682-1 ഡി5/05/CRDനമ്പർ കത്തുപ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി:-

1. "1997-98 വർഷത്തെ തൊഴിലുറപ്പ് പദ്ധതിപ്രകാരം 3,00,000 രൂപയ്ക്ക് ഈ പ്രോജക്ടിന് അംഗീകാരം ലഭിച്ചിരുന്നു. നിർമ്മാണ പുരോഗതിയുടെ വാല്യുവേഷൻ അനുസരിച്ച് അഡ്വാൻസ് അടക്കം 1,00,000 രൂപ കൺവീനർക്ക് 4 ഗഡുക്കളായി അനുവദിച്ചു നൽകിയിരുന്നു. കെട്ടിട നിർമ്മാണം ചുമരുയരം നിലയിൽ പൂർത്തീകരിച്ചിട്ടുണ്ട്. പല തവണകളായി കൺവീനർക്ക് നോട്ടീസ് അയച്ചിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 13-12-2001-ലെ 498-ാം നമ്പർ തീരുമാനപ്രകാരം നാളിതുവരെ ചെയ്ത പ്രവർത്തിയുടെ മെഷർമെന്റ് എടുത്ത് മൂല്യനിർണ്ണയം നടത്തിയതിൽ 69,805 രൂപയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ടി പ്രവർത്തിയുടെ പൂർത്തീകരണം ഇപ്പോഴത്തെ സ്ഥിതിയിൽ കൺവീനർ മുഖേന പൂർത്തീകരിക്കുവാൻ സാധ്യതയില്ലാത്തതിനാലും ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിപ്രകാരം ഫണ്ട് ഇല്ലാത്തതിനാലും ബ്ലോക്ക് പഞ്ചായത്തിന്റെ 2006-07 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തി ടി പ്രവർത്തി പൂർത്തീകരിക്കുന്നതും കൺവീനർക്ക് നൽകിയ അഡ്വാൻസ് തുകയിൽ മെഷർമെന്റ് പ്രകാരം ബാക്കി വരുന്ന 30,125 രൂപാ പലിശ സഹിതം തിരിച്ച് പിടിക്കുന്നതിന് നടപടി കൈക്കൊള്ളുന്നതുമാണ്."

2. പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് എന്താണ് പറയുവാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് കൺവീനർ ഈ പ്രവർത്തി ഭാഗികമായി ചെയ്തിട്ടുണ്ടെന്നും ടിയാൻ വളരെ പാവപ്പെട്ട കൂലിവേലക്കാരനാണെന്നും ഒരുലക്ഷത്തിപതിനായിരം രൂപ ചെലവായിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് 1,00,000 രൂപ മാത്രമാണ് കൊടുത്തതെന്നും ഗ്രാമപഞ്ചായത്ത് മെമ്പറുമായി സംസാരിച്ചപ്പോൾ പദ്ധതി സമയത്ത് സ്കൂൾ കെട്ടിടം അത്യാവശ്യമായിരുന്നെന്നും പിന്നീട് അൺ ഇക്കോണോമിക് എന്ന കാരണത്താൽ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതായും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

3. പണി പൂർത്തീകരിച്ചില്ലെങ്കിൽ തുക കൺവീനറിൽ നിന്നീടാക്കുമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ കരാറുണ്ടെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

4. വാല്യുവേഷൻ അനുസരിച്ച് 69,805 രൂപയുടെ പണി മാത്രമേ നടത്തിയിട്ടുള്ളെന്നും ആയതിനാൽ കൂടുതലായി നൽകിയ 30,125 രൂപ കൺവീനറിൽ നിന്നും ആർ.ആർ. നടപടി വഴി ഈടാക്കുകയും സ്കൂൾ കെട്ടിടം പണി മറ്റേതെങ്കിലും പദ്ധതിയിൽപ്പെടുത്തിയോ ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിലുൾപ്പെടുത്തിയോ പൂർത്തിയാക്കുകയും ചെയ്യണമെന്ന് സമിതി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. സമിതി നിർദ്ദേശ പ്രകാരം 22-12-2005-ലെ ബി 6/05 നമ്പർ കത്തുപ്രകാരം കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത പദ്ധതി ഏറ്റെടുത്ത കൺവീനറിൽ നിന്നും തിരികെ ലഭിക്കുവാനുള്ള 30,436 രൂപ പലിശ സഹിതം ഈടാക്കുന്നതിന് 12-12-2005 ൽ റവന്യൂ റിക്കവറി നടപടിക്ക് ബഹു. തൃശ്ശൂർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തു എന്നാണറിയിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

5. റവന്യൂ റിക്കവറി നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**"ചെറുതോട് സ്ളൂയിസ്-കം-ബ്രിഡ്ജ് നിർമ്മാണം അഡ്വാൻസ് തുക തിരികെ പിടിക്കുന്നത് സംബന്ധിച്ച് (എറിയാട് പഞ്ചായത്ത്)"**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V. 8(9)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 21-11-2005-ലെ 25682 ഡി5/05/CRDനമ്പർ കത്തുപ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി:-

6. "1997-98 വർഷത്തെ തൊഴിലുറപ്പ് പദ്ധതി പ്രകാരം 1,00,000 രൂപാ ഭരണാനുമതി ലഭിച്ച പ്രോജക്റ്റാണ്. വാഹന ഗതാഗതത്തിന് ആവശ്യമായ സൗകര്യത്തോടുകൂടിയ ഒരു സ്ളൂയിസ് ആണ് ഈ പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചിരുന്നത്. 75,000 രൂപാ അഡ്വാൻസായി കൺവീനർക്ക് നൽകിയിട്ടുണ്ട്. ഇനി ഷട്ടർ ഇടുന്ന പ്രവർത്തി മാത്രമാണ് അവശേഷിക്കുന്നത്. ചെയ്ത പ്രവർത്തികൾ മെഷർമെന്റ് ചെയ്തതിൽ 66,300 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഷട്ടർ ഇടുന്ന പണി പൂർത്തീകരിക്കുവാൻ കൺവീനറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൂർത്തിയാക്കാത്ത പക്ഷം ബാക്കി വരുന്ന തുകയ്ക്ക് റവന്യൂ റിക്കവറി നടപടി എടുക്കുന്നതാണ്."

7. പദ്ധതിയെങ്ങനെയാണ് നടപ്പാക്കിയതെന്നും ഇതിന്റെ കൺവീനർ ആരായിരുന്നെന്നും പണിപൂർത്തിയാക്കിയോ എന്നും സമിതിയാരാഞ്ഞതിന് ഇതിന്റെ കൺവീനർ ശ്രീ. നൗഷാദ് ആയിരുന്നെന്നും ഇതൊരു സ്ലൂയിസ്-കം-ബ്രിഡ്ജ് എന്ന

ആശയത്തിൽ ഉപ്പുവെള്ളം കയറാതിരിക്കണമെന്ന ഉദ്ദേശത്തോടെയും ജനങ്ങൾക്ക് കടന്ന് പോകാനുള്ള ഗതാഗത സൗകര്യത്തോടു കൂടിയുമാണ് ഇത് നിർമ്മിച്ചതെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

8. പദ്ധതി കാലഘട്ടത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ. അരവിന്ദാക്ഷൻ ഇപ്പോഴെവിടെയാണെന്നും മുൻകൂർ തുക നൽകിയത് ഏത് സെക്രട്ടറിയാണെന്നും സമിതി ആരാഞ്ഞതിന് ഇപ്പോഴെവിടെയുണ്ടെന്നറിയില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും, എല്ലാ പദ്ധതികൾക്കും മുൻകൂർ തുക കൊടുത്തിരിക്കുന്നത് മുൻ സെക്രട്ടറി ശ്രീ. കെ. പരിയാരിക്കുട്ടിയാണെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറും സമിതിയെ അറിയിച്ചു. കരാറുണ്ടാക്കിയിരിക്കുന്നത് എന്നാണെന്നും മുൻകൂർ തുക നൽകിയിരിക്കുന്നതെങ്ങനെയെന്നും പരിയാരിക്കുട്ടി സ്ഥലംമാറിപ്പോയതെന്നാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 6-4-1998 ലാണ് കരാറൊപ്പിട്ടിരിക്കുന്നതെന്നും 6-4-1998ലാണ് അരവിന്ദാക്ഷൻ വന്നതെന്നും മുൻകൂർ തുക നൽകിയത് 25-3-1998 ലാണെന്നും തുക ചെക്കായിട്ടാണ് കൊടുത്തിരിക്കുന്നതെന്നും 17-4-2000 ലാണ് പരിയാരിക്കുട്ടി സ്ഥലം മാറിപ്പോയതെന്നും സെക്രട്ടറി മറുപടി നൽകി. മുൻകൂർ തുക കൊടുത്ത കാലത്തെ സെക്രട്ടറിയാരായിരുന്നെന്നും തുക കൊടുത്തതിന്റെ ഫയലുണ്ടോയെന്നും സമിതിയാരാഞ്ഞതിന് അന്നത്തെ സെക്രട്ടറി ശ്രീമതി കല്ല്യാണിക്കുട്ടിയമ്മയാണ് കരാർ വയ്ക്കാതെ മുൻകൂർ തുക നൽകിയതെന്നും പേമെന്റ് നൽകിയത് സംബന്ധിച്ച് ഫയലിൽ രേഖകളില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

9. കരാർ വയ്ക്കുന്നതിന് മുമ്പ് മുൻകൂർ തുക നൽകുക, പരിധിയിൽ കൂടുതൽ മുൻകൂർ നൽകി എന്നിങ്ങനെ എല്ലാവിധ മരാമത്ത് ചട്ടങ്ങളും ലംഘിച്ചതായിട്ടാണ് സമിതി മനസ്സിലാക്കുന്നതെന്നും ആയതിനാൽ ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ കമ്മീഷണറോടും മെഷർമെന്റ് പ്രകാരമുള്ള വാല്യൂവേഷൻ കഴിച്ചുള്ള തുക റവന്യൂ റിക്കവറി വഴി ഈടാക്കി അടിയന്തിരമായി റിപ്പോർട്ട് നൽകുവാൻ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോടും സമിതി ആവശ്യപ്പെട്ടിരുന്നു.

10. ആയതിനു മറുപടിയായി 22-12-2006-ലെ ബി6/05 നമ്പർ കത്തുപ്രകാരം കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ മുൻകൂർ നൽകിയ 75,000 രൂപയിൽ പ്രവർത്തിയുടെ മൂല്യം കണക്കാക്കി ബാക്കി തിരിച്ചടക്കേണ്ട 8434 രൂപ പലിശയുൾപ്പടെ ഈടാക്കുന്നതിന് 12-12-2005-ൽ റവന്യൂ റിക്കവറി നടപടികൾക്ക് തൃശ്ശൂർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

11. കരാർ വയ്ക്കുന്നതിന് മുമ്പ് മുൻകൂർ തുക നൽകുക, പരിധിയിൽ കൂടുതൽ മുൻകൂർ നൽകുക തുടങ്ങിയ ക്രമക്കേടുകൾക്കുത്തരവാദിയായ മുൻസെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

12. റവന്യൂ റിക്കവറി നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**"EAS 98-99 കാട്ടാക്കുളം കനാൽ നിർമ്മാണം പണി പൂർത്തീ കരിക്കാത്തതിനാൽ അഡ്വാൻസ് തുക തിരികെ പിടിക്കുന്നത് സംബന്ധിച്ച് (എറിയാട് പഞ്ചായത്ത് )"**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V. 8(9)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 21-11-2005-ലെ 25682-I ഡി.5/05/CRD നമ്പർ കത്തുപ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി.

13. "1998-99 വർഷത്തെ തൊഴിലുറപ്പ് പദ്ധതി പ്രകാരം 1,00,000 രൂപയുടെ അംഗീകാരം ഈ പ്രവർത്തിക്ക് ലഭിച്ചിരുന്നു. കൺവീനർക്ക് അഡ്വാൻസായി 25,000 രൂപാ നൽകിയിരുന്നു. പരിസരവാസികളിൽ നിന്നും ലാന്റ് സറണ്ടർ ലഭിക്കാതിരുന്നതിനാൽ കൺവീനർക്ക് പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ജനപ്രതിനിധികളുടെ കൂട്ടായ ശ്രമത്തിൽ ലാന്റ് റിലിംഗിഷ്മെന്റ് ലഭിക്കുമെന്ന് കരുതി പാർട്ട് ബിൽ എഴുതി അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇനി ലാന്റ് റിലിംഗിഷ്മെന്റ് ലഭിക്കില്ലാത്തതിനാൽ 39,606 രൂപായുടെ പാർട്ട് ബിൽ ഫൈനൽ ബിൽ ആയി പരിഗണിച്ച് അഡ്വാൻസ് നൽകിയ 25,000 രൂപായുടെ ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു."

14. 1998-99 വർഷത്തിൽ 1,00,000 രൂപയുടെ അംഗീകാരം ലഭിച്ച പ്രവർത്തിയിൽ കൺവീനർക്ക് 25,000 രൂപ മുൻകൂർ നൽകിയെന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ചെന്താണ് പറയുവാനുള്ളതെന്ന് സമിതിയാരാഞ്ഞതിന് ഇപ്പോൾ 39,000 രൂപയ്ക്കുള്ള പണി തീർത്ത് ബിൽ കൊടുത്തിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

15. അന്തിമബിൽ തീർപ്പാക്കിയശേഷം പ്രസ്തുത രേഖകൾ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനയ്ക്കായി നൽകുവാൻ സമിതി നിർദ്ദേശിച്ചിരുന്നു. അതിനു മറുപടിയായി 22-12-2005-ലെ ബി6/05 നമ്പർ കത്തുപ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത പ്രവർത്തിയിൽ ചെയ്ത ജോലിയുടെ മൂല്യത്തിൽ നിന്നും അഡ്വാൻസ് തുക കഴിച്ച് ബാക്കി വരുന്നതുക കൺവീനർക്ക് നൽകുവാൻ കഴിഞ്ഞിട്ടില്ല. എന്നും ടിയാൾ മരിച്ചുപോയതുകൊണ്ട് തുക കൈപ്പറ്റാനുള്ള അവകാശം ആർക്കാണെന്നത് സംബന്ധിച്ച തീരുമാനമായില്ലെന്നും തീരുമാനമായാലുടൻ കമ്മിറ്റിയെ വിവരം അറിയിക്കാമെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

16. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിന്മേൽ മേൽ നടപടികൾ ആവശ്യമില്ലായെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**"മേത്തല വി. പി. തുരുത്ത് പൗരസമിതി റോഡ് കലിങ്ക് നിർമ്മാണം അഡ്വാൻസ് തുക തിരികെ പിടിക്കുന്നത് സംബന്ധിച്ച് മേത്തല പഞ്ചായത്ത്"**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ട്
ഖണ്ഡിക V. 8(9)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 21-11-2005-ലെ 25682-I ഡി5/05/CRDനമ്പർ കത്തുപ്രകാരം
ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മറുപടി

17. "1998-99 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്ന ഈ പ്രവർത്തിക്ക് 50,000 രൂപാ അടങ്കൽ അനുമതിയുണ്ടായിരുന്നു. കൺവീനർക്ക് രണ്ടു ഗഡുക്കളായി 23,491 രൂപാ നൽകിയിരുന്നു. ഈ പ്രവർത്തി 21-3-200-ൽ പൂർത്തീകരിക്കുകയും 43,566 രൂപയ്ക്കുള്ള ഫൈനൽ ബിൽ അംഗീകരിച്ച് വന്നത് 16-4-2001-ൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗ് അംഗീകരിച്ച് ഫൈനൽ ബില്ലിൽ നിന്ന് അഡ്വാൻസായി നൽകിയിരുന്ന 23,491 രൂപാ കഴിച്ച് ബാക്കി വരുന്ന 20,075 രൂപാ 19-4-2001-ൽ അവാസന ഗഡുവായി കൺവീനർക്ക് നൽകിയിട്ടുണ്ട്. ആയതുകൊണ്ട് ഈ പ്രവർത്തിയിന്മേലുള്ള ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു."

18. 1998-99 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്ന ഈ പ്രവർത്തിക്ക് 50,000 രൂപ അടങ്കൽ അനുമതി ഉണ്ടായിരുന്നെന്നും കൺവീനർക്ക് രണ്ടുഗഡുക്കളായി 23,491 രൂപ നൽകിയിരുന്നെന്നും ഈ പ്രവർത്തി 21-3-2001-ൽ പൂർത്തീകരിക്കുകയും 43,566 രൂപയ്ക്കുള്ള അന്തിമബില്ല് അംഗീകരിച്ച് വന്നത് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിൽ അംഗീകരിച്ച് അന്തിമ ബില്ലിൽ നിന്നും മുൻകൂർ കുറച്ച് ബാക്കി തുക നൽകി തീർപ്പാക്കിയെന്നും സെക്രട്ടറി അറിയിച്ചു.

19. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് 22-12-2005-ലെ ബി6/ 05നമ്പർ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ടിലും അന്തിമ ബില്ലിൽ നിന്നും മുൻകൂർ കുറച്ച് ബാക്കി തുക നൽകി തീർപ്പാക്കിയെന്നാണ് അറിയിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

20. കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി തൃപ്തികരമാണെന്ന് കാണുന്നതിനാൽ ഇതു സംബന്ധിച്ചുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

തിരുവനന്തപുരം
2007, മാർച്ച് 21

**എൻ. അനിരുദ്ധൻ,**
ചെയർമാൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങളും/ശുപാർശകളും |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 5 | കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | റവന്യൂ റിക്കവറി നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 2 | 11,12 | ,, | കരാർ വയ്ക്കുന്നതിന് മുമ്പ് മുൻകൂർ തുക നൽകുക, പരിധിയിൽ കൂടുതൽ മുൻകൂർ നൽകുക തുടങ്ങിയ ക്രമക്കേടുകൾക്കുത്തരവാദിയായ മുൻ സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.<br>റവന്യൂ റിക്കവറി നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 3 | 16 | ,, | പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിന്മേൽ മേൽ നടപടികൾ ആവശ്യമില്ലായെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | 20 | ,, | കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി തൃപ്തികരമാണെന്ന് കാണുന്നതിനാൽ ഇതു സംബന്ധിച്ചുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |